File No.FWLD-A1/131/2018-FWLD

6630
3/4/19

കേരള സർക്കാർ

സംഗ്രഹം

അച്ചൻകോവിൽ ഡിവിഷൻ - കല്ലാർ റെയിഞ്ചിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.എൻ.ശ്രീകുമാറിനെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.491/2018/F&WLD തിരുവനന്തപുരം, തീയതി, 24/11/2018

---

പരാമർശം:- (1) 28.07.2017-ലെ സതേൺ സർക്കിൾ കൊല്ലം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ക്യു.ഇ1-2373/17 നമ്പർ അന്വേഷണ റിപ്പോർട്ട്

(2) 11.10.2017, 10.08.2018 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-33389/17 നമ്പർ കത്തുകൾ

(3) 13.12.2017-ലെ FWLD-A1/149/17/FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(4) 07.05.2018 തീയതിയായി ശ്രീ.കെ.എൻ.ശ്രീകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക

ഉത്തരവ്

അച്ചൻകോവിൽ ഡിവിഷനിലെ കല്ലാർ റെയിഞ്ചിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.എൻ.ശ്രീകുമാർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ സ്ഥിരമായി വീഴ്ച വരുത്തുന്നു, ഫീൽഡ് ജോലികൾ ശരിയായ രീതിയിൽ ചെയ്യുന്നില്ല, മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്നിങ്ങനെയുള്ള അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ആരോപണങ്ങളിന്മേൽ കൊല്ലം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി. പ്രസ്തുത അന്വേഷണത്തിൽ ടി ആരോപണങ്ങളെല്ലാം തെളിഞ്ഞതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.എൻ.ശ്രീകുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2)-ലെ 11.10.2017-ലെ കത്ത് പ്രകാരം ശുപാർശ ചെയ്തു.

2) മേൽ ശുപാർശ അംഗീകരിച്ച് ശ്രീ.കെ.എൻ.ശ്രീകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ക്ക് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റപത്രവും/കുറ്റാരോപണ പത്രികയും പരാമർശം (3) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

3) കുറ്റപത്രത്തിന് ശ്രീ.കെ.എൻ.ശ്രീകുമാർ സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലെന്നും ടിയാനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2)-ലെ 10.08.2018-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.

4) ശ്രീ.കെ.എൻ.ശ്രീകുമാറിന് സർവ്വീസിലിരിക്കെ 1960-ലെ കേരള സിവിൽ സർ വ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1 5 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രമാണ് നൽകിയത്. ടിയാൻ 31.07.2018-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 3-ലെ റൂളിംഗ് നമ്പർ 2 പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിന് അച്ചൻ കോവിൽ വർക്കിംഗ് പ്ലാൻ ഓഫീസറായ ശ്രീ.കെ.സജിയെ അന്വേഷണാധികാരിയായും പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.പി.കെ.രാജേഷിനെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.ടിയാന്റെ മൊത്തം സേവനത്തെ വിലയിരുത്തിയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 10.08.2018-ലെ റിപ്പോർട്ടിലെ പ്രതിപാദിത സംഗതികൾക്ക് വസ്തുനിഷ്ഠമായ തെളിവ് ഉൾപ്പെടെ റിപ്പോർട്ട് സമർപ്പിക്കേണ്ട താണ്.

5) അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അന്വേഷണ ഉദ്യോഗസ്ഥൻ മറ്റു ജോലികളിൽ വ്യാപൃതരാണെങ്കിൽ/യഥാസമയം പാലിക്കാൻ കഴിയില്ലെങ്കിൽ അക്കാര്യം സർക്കാരിൽ ഒരാഴ്ചയ്ക്കകം അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA.M
UNDER SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.സജി, വർക്കിംഗ് പ്ലാൻ ഓഫീസർ, അച്ചൻ കോവിൽ

ശ്രീ.പി.കെ.രാജേഷ്, ടെക്നിക്കൽ അസിസ്റ്റന്റ്, പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്

ശ്രീ.കെ.എൻ.ശ്രീകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by BIJI K
Date: 2018.11.24 14:11:16 IST
സെക്ഷൻ ഓഫീസർ
Reason: Approved